Email:
**contact.seckerala@gmail.com**
**electionker@gmail.com**
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**23rd October 2015**

## പോളിംഗ് പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പാക്കണം

പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പോളിംഗ് സാധനങ്ങളുടെ വിതരണ, സ്വീകരണ കേന്ദ്രങ്ങളുടെയും വോട്ടെണ്ണൽ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം, ടോയ്‌ലറ്റ്, ഫർണിച്ചർ മുതലായവ ലഭ്യമാണെന്ന് ഒക്ടോബർ 27-ന് മുമ്പ് ഉറപ്പാക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ബ്ലോക്ക് പഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും നഗരസഭകളിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കുമാണ് ഇതിന്റെ ചുമതല. വൈദ്യുതി, കുടിവെള്ളം എന്നിവ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി തുടങ്ങിയവയുടെ സഹായത്തോടെ വേണം പരിശോധിക്കേണ്ടത്. ഏത് അടിയന്തിര ഘട്ടത്തിലും ഈ വകുപ്പുകളുടെ സേവനം ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. വൈദ്യുതി വിതരണത്തിന് ജനറേറ്റർ സംവിധാനം ശബ്ദ, വെളിച്ച സജ്ജീകരണങ്ങൾ ഒക്ടോബർ 27 മുതൽ വേട്ടെണ്ണൽ അവസാനിക്കുന്നതുവരെ ഉറപ്പാക്കണം.

ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീനിൽ കാൻഡിഡേറ്റ് സെറ്റിംഗ് നടത്തുന്നതിന് ഹാജരാകുന്നവർക്ക് മതിയായ സൗകര്യങ്ങൾ മുൻകൂട്ടി ഒരുക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

*(എസ്.ഇ.സി. 125/2015)*

## പോളിംഗ് സാധനങ്ങളുടെ വിതരണം: സമയക്രമം പുറപ്പെടുവിച്ചു

പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് സാധനങ്ങൾ വിതരണം ചെയ്യുന്നതിനും തിരികെ ഹാജരാക്കുന്നതിനുമുള്ള സമയക്രമവും മാർഗ്ഗ നിർദ്ദേശങ്ങളും തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും നഗരസഭകളിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കുമാണ് ഇതിന്റെ ചുമതല

നവംബർ രണ്ടിന് തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോ ബ്ലോക്ക് പഞ്ചായത്തിന്റേയും പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളുടെ പോളിംഗ് ആവശ്യത്തിനുള്ള ഫാറങ്ങൾ, രജിസ്റ്ററുകൾ, സ്റ്റേഷനറി സാധനങ്ങൾ മറ്റ് തിരഞ്ഞെടുപ്പ് സാമഗ്രികൾ എന്നിവ ജില്ലാ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് സ്വീകരണ, വിതരണ കേന്ദ്രങ്ങളിൽ എത്തിച്ച് ഒക്ടോബർ 27,28,29 തീയതികളിൽ അവ ഓരോ പോളിംഗ് സ്റ്റേഷനും വേണ്ടി പ്രത്യേകം പായ്ക്ക് ചെയ്ത് സൂക്ഷിക്കണം. ഒക്ടോബർ 28,29 ദിവസങ്ങളിൽ ജില്ലാ കേന്ദ്രങ്ങളിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ആ ബ്ലോക്ക് പ്രദേശത്ത് മൊത്തം ആവശ്യമുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ (1 കൺട്രോൾ യൂണിറ്റ് + 3 ബാലറ്റ് യൂണിറ്റ് വീതം) ശേഖരിച്ച് അവ വിതരണ കേന്ദ്രത്തിൽ സൂക്ഷിക്കണം. പ്രസ്തുത ബ്ലോക്ക് പ്രദേശത്തുള്ള എല്ലാ ഗ്രാമപഞ്ചായത്ത് റിട്ടേണിംഗ് ഓഫീസർമാർക്കും ഒക്റ്റോബർ ഒന്നിന് രാവിലെ തന്നെ അവ വിതരണം ചെയ്യണം. അന്നു തന്നെ ആ കേന്ദ്രത്തിൽ വച്ച് റിട്ടേണിംഗ് ഓഫീസറുടെ നേതൃത്വത്തിൽ കാൻഡിഡേറ്റ് സെറ്റിംഗ് നടത്തണം. അന്നേ ദിവസം അവ പൂർത്തിയാകുന്ന മുറക്ക് അതാത് വരണാധികാരികളുടെ മേൽ നോട്ടത്തിൽ ആ കേന്ദ്രത്തിലെ സ്ട്രോങ്ങ് റൂമുകളിൽ സൂക്ഷിക്കണം. നവംബർ ഒന്നിന് പോളിംഗ് സാധനങ്ങളുടെ വിതരണ ദിവസം പോളിംഗ് സാധനങ്ങളും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളും ഓരോ വിതരണ കേന്ദ്രങ്ങളിലും ലഭ്യമാക്കേണ്ടതും കൗണ്ടറിലൂടെ അവ പോളിംഗ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യേണ്ടതുമാണ്.

നവംബർ അഞ്ചിന് തിരഞ്ഞെടുപ്പ് നടക്കുന്ന മറ്റ് ജില്ലകളിലെ സമയക്രമം ചുവടെ.

1. പോളിംഗ് സാധനങ്ങൾ കളക്ടറേറ്റിൽ നിന്നും ശേഖരിച്ച് ഓരോ - ഒക്ടോബർ 30,31

ബൂത്തിലേയ്ക്ക് പായ്ക്ക് ചെയ്യേണ്ടത് & നവംബർ 1

2. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ കളക്ട്രേറ്റിൽ നിന്നും ശേഖരിച്ച് വിതരണ കേന്ദ്രത്തിൽ സൂക്ഷിക്കുന്നത് - നവംബർ 1,2
3. കാൻഡിഡേറ്റ് സെറ്റിംഗ് നടത്തുന്നത് - നവംബർ 2
4. പോളിംഗ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യൽ - നവംബർ 4

*(എസ്.ഇ.സി. 126 /2015)*

## പ്രവാസി ഭാരതീയരുടെ വോട്ട്: മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

തദ്ദേശ സ്വയം ഭരണ തിരഞ്ഞെടുപ്പിൽ പ്രവാസി ഭാരതീയരുടെ വോട്ട് രേഖപ്പെടുത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രവാസി ഭാരതീയരുടെ വോട്ടർപട്ടികയുടെ അഞ്ച് പകർപ്പുകൾ എടുത്ത് ഒപ്പ് രേഖപ്പെടുത്തി നാല് പകർപ്പുകൾ അടിയന്തിരമായി വരണാധികാരികളെ ഏൽപിക്കണം.

വരണാധികാരികൾ പോളിംഗ് സ്റ്റേഷനിൽ നൽകുന്നതിന് മാർക്ക്ഡ് കോപ്പി, വർക്കിംഗ് കോപ്പി എന്നിവ തയ്യാറാക്കി രണ്ട് പകർപ്പുകൾ നിശ്ചിത ദിവസം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരെ ഏൽപ്പിക്കണം.

പ്രവാസി ഭാരതീയർ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിൽ ഹാജരാകുമ്പോൾ അവർ വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്താൻ പകർപ്പ് നൽകിയ പാസ്പോർട്ടിന്റെ ഒറിജിനൽ വേണം തിരിച്ചറിയൽ രേഖയായി പരിശോധിക്കേണ്ടത്.

പ്രവാസി ഭാരതീയരുടെ വോട്ടർപട്ടിക പ്രത്യേകം തയ്യാറാക്കി ക്രമനമ്പർ രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ, പോളിംഗ് ഉദ്യോഗസ്ഥൻ വോട്ടെടുപ്പ് വേളയിൽ ഫാറം 21 എ യിലെ വോട്ട് രജിസ്റ്ററിന്റെ 2-ാം കോളത്തിൽ രേഖപ്പെടുത്തുന്ന പ്രവാസി വോട്ടർപട്ടികയിലെ ക്രമ നമ്പരിന് മുമ്പിൽ പി.വി എന്നു കൂടി ചേർക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 127/2015)*

## പരസ്യം: മരങ്ങളിൽ ആണിയടിക്കരുത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികളുടെ പ്രചാരണത്തിനുള്ള ബോർഡുകൾ മരങ്ങളിൽ ആണിയടിച്ച് പ്രദർശിപ്പിക്കരുതെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇങ്ങനെ സ്ഥാപിക്കുന്ന ബോർഡുകൾ ആന്റി ഡീഫേസ്മെന്റ് സ്ക്വാഡ് നീക്കം ചെയ്യും.

*(എസ്.ഇ.സി. 128/2015)*